പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 394

28-06-2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കൽപ്പറ്റ മണ്ഡലത്തിലെ കായികവികസന പരിപാടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.വി..ശ്രേയാംസ്കുമാർ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കൽപ്പറ്റ മണ്ഡലത്തിലെ കായികവികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) കൽപ്പറ്റ സ്റ്റേഡിയം നിർമ്മാണപരിപാടികളുടെ പുരോഗതി വ്യക്തമാക്കാമോ ; | (സി) | ടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തി യിരിയ്ക്കുന്നത്. ആദ്യ ഗഡുവായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വന്ന സമയത്ത് KPHCC ഗ്രൗണ്ട് മണ്ണിട്ട് ഫിൽ ചെയ്ത് ഉയർത്തണമെന്നാവശ്യപ്പെടുകയും ആയതിലേയ്ക്കുള്ള ചർച്ചകൾ നടക്കുകയും, ഗ്രൗണ്ട് മണ്ണിട്ട് ഫിൽ ചെയ്യാതെ പണി ആരംഭിയ്ക്കുവാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനോട് കേരള സ്റ്റേറ്റ് സ്പോർടസ് കൗൺസിൽ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ 2009 -ലെ PWD SOR പ്രകാരമുള്ള എസ്റ്റിമേറ്റാണ് സമർപ്പിച്ചതെന്നും ടി എസ്റ്റിമേറ്റ് പ്രകാരം ഇപ്പോൾ പണിചെയ്യാൻ കഴിയുകയില്ലായെന്ന് |

| | | |
|---|---|---|
| | | അറിയിക്കുകയും അതിൻപ്രകാരം 2010-ലെ PWD SOR പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിയ്ക്കുവാൻ KPHCC-യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കൽപ്പറ്റ മണ്ഡലത്തിലെ കായികവികസനത്തിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | ചെന്നലോട് യെംഗ് സോൾജിയേഴ്സ് ക്ലബിൽ ടേബിൾ ടെന്നീസ് ട്രെയിനിംഗ് സെന്ററിന് എല്ലാവർഷവും 1 ലക്ഷം രൂപ വീതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അനുവദിക്കുന്നുണ്ട്. അരപ്പട്ട ഫുട്ബോൾ അക്കാഡമിയിൽ ഡേ ബോർഡിംഗ് സ്കീം ആരംഭിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിയ്ക്കുന്ന എസ്.കെ.എം.ജെ.എച്ച്.എസ്.എസ്സിൽ അത്ലറ്റിക്സിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും, വോളിബോൾ പെൺകുട്ടികൾക്കും, ഫെൻസിംഗ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകിവരുന്നു. കൂടാതെ ടി സ്കൂളിൽ ലോംഗ് ജെംപ് പിറ്റ് വിത്ത് സിന്തറ്റിക് റൺ അപ്പ് 6 ലക്ഷം രൂപ ചെലവിൽ നിർമ്മിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.-6

### തായ്കൊണ്ടോ സ്കൂൾ ട്രെയിനിംഗ് പ്രോഗ്രാം.

ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിലെ കല്പറ്റയിൽ രണ്ട് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അവ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, കല്പറ്റ എസ്. കെ. ജെ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയ്ക്ക് കഴിഞ്ഞ 5 വർഷങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കല്പറ്റ നിയോജക മണ്ഡലത്തിലെ കേന്ദ്രങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം | വയനാട് ജില്ലയിലെ കല്പറ്റ സെന്ററിന് അനുവദിച്ച തുക |
|---|---|---|
| 2006-07 | 19,00,000 | ഇല്ല. |
| 2007-08 | 19,99,896 | 37,500 |
| 2008-09 | 20,00,000 | 1,14,400 |
| 2009-10 | 25,33,200 | 33,600 |
| 2010-11 | 28,63,075 | 54,000 |

### ജൂഡോ പരിശീലന പദ്ധതി (2008-09ൽ ആരംഭിച്ചു).

ഈ പദ്ധതി പ്രകാരം ജില്ലയ്ക്കായുള്ള പരിശീലന കേന്ദ്രം എസ്.കെ.എം.ജെ. ഹയർ സെക്കണ്ടറി സ്കൂൾ, കൽപ്പറ്റ നോർത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതിയ്ക്കായി വയനാട് ജില്ലയിലെ കല്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം | വയനാട് ജില്ലയിലെ കല്പറ്റ സെന്ററിന് അനുവദിച്ച തുക | ശതമാനം. |
|---|---|---|---|
| 2008-09 | 14,00,000 | 70,100 | 5% |
| 2009-10 | 17,34,600 | 70,000 | 4.04% |
| 2010-11 | 9,05,930 | 39,600 | 4.37% |

നിലവിലുള്ള കളിസ്ഥല പുനഃരുദ്ധാരണത്തിനായി അനുവദിച്ച തുകയും പ്രസ്തുത തുകയിൽ നിന്നും കല്പറ്റ നിയോജക മണ്ഡലത്തിന് അനുവദിച്ച തുക യുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | കല്പറ്റ നിയോജക മണ്ഡലത്തിന് അനുവദിച്ച തുക | ശതമാനം. |
|---|---|---|---|
| 2006-07 | 40,00,000 | - | - |
| 2007-08 | 67,02,000 | 2,50,000 | 3.73% |
| 2008-09 | 1,29,90,000 | 5,00,000 | 3.85% |
| 2009-10 | 1,50,00,000 | - | - |
| 2010-11 | 1,50,00,000 | - | - |

സെക്ഷൻ ഓഫീസർ